

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രായമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/ പി.2/153/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രായമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18. (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ബന്ധികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14.15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പി.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ കെ എം/ പി.2/153/2023 തീയ്യതി: 11/04/2023

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	25-01-2023	03-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-01-2023	03-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
2. പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4. ഷൈന പി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5.മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അജയകുമാർ എൻ പി	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ രവികുമാർ	സെക്രട്ടറി	01-04-2021	27-09-2021
ശ്രീ സുധീർ ബി	സെക്രട്ടറി	28-09-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സോമൻ പി എ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	26-04-2021
ശ്രീ ഗോപകുമാർ ആർ	അസിസ്റ്റന്റ് സെക്രട്ടറി	27-04-2021	31-03-2022
ഡോ.ഗോപികാ പ്രേം	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	01-04-2021	31-03-2022
ഡോ.അലീന സി ജോസഫ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)ഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	01-04-2021	31-03-2022
ഡോ.അൻസൽ	മെഡിക്കൽ ഓഫീസർ	01-04-2021	31-03-2022

അഷറഫ് പി എം	(ഹോമിയോ)		
ഡോ.സന്ധ്യ ജി നായർ	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി സ്മിനി വർഗീസ്	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ വിനോദ് വി ഡി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2021	31-03-2022
ശ്രീമതി ജിഷ മാത്യു	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2021	31-10-2021
ശ്രീമതി സി കെ മായ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-11-2021	31-03-2022
ശ്രീമതി ടി എം സബീന	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2021	31-03-2022
ശ്രീ എം രതീഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ശ്രീ സജികുമാർ എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	09-02-2022
ശ്രീ ഗിരീഷ് നായക്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	10-02-2022	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാടക ഈടാക്കിയില്ല	1-11
12	ടെൻഡർ ഫീ തുകയിലെ അവ്യക്തത.	1-12
13	സ്വകാര്യ ഫാർമെഡികൾ രജിസ്ട്രേഷൻ /ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു	1-13
14	ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-14
15	പലിശ തുക പൂർണ്ണമായും ലഭ്യമായിട്ടില്ല.	1-15
16	ബയോ മെഡിക്കൽ മാലിന്യം -സർവീസ് ചാർജ് തനത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്	1-16
17	മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.	1-17
18	ക്ഷയരോഗികൾക്ക് പോഷകാഹാരം - പദ്ധതി	1-18

	മാർഗ്ഗരേഖയ്ക്കനുസൃതമല്ല	
19	പശ്നസ് പോളിയോ ഇമ്മ്യൂണൈസേഷൻ -തുക ചെലവഴിച്ചതിൽ ക്രമപ്രകാരമല്ല	1-19
20	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു	1-20
21	കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ-	1-21
22	മുൻകൂർ തുക നൽകിയെങ്കിലും പ്രിന്റർ ലഭ്യമായില്ല	1-22
23	ആസ്തി സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടില്ല.	1-23
24	ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ.	1-24
25	പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാകാതെ അവശേഷിക്കുന്നു.	1-25
26	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - നടപടികൾ സ്വീകരിച്ചില്ല	1-26
27	നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.	1-27
28	ഓഡിറ്റ് ഇംപാക്ട്	1-28
	ഭാഗം 2	
	— No Records Found —	
	ഭാഗം 3	
	— No Records Found —	
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷിപ്ത പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4

5	വാഴ്ച /വാഴ്ചാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്-സർച്ചാർജുകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

രായമംഗലം ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 17.2.2021തിയ്യതിയിലെ 10 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17.3.2022തിയ്യതിയിലെ 1(1)തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.

	ബജറ്റ്	പുതുക്കിയ ബജറ്റ്
പ്രാരംഭബാക്കി	4173807	4173807
വരവ്	338147000	385221000
ആകെ	342320807	389394807
ചെലവ്	338744000	385818000
നീക്കിബാക്കി.	3576807	3576807

ബജറ്റും വാർഷീക ധനകാര്യപത്രികയും തമ്മിൽ ഗണ്യമായ അന്തരം കാണുന്ന.വിശദാംശങ്ങൾ ചുവടെ.

	ബജറ്റ്	പുതുക്കിയ ബജറ്റ്	വാർഷീക ധനകാര്യപത്രിക പ്രകാരമുള്ള തുക
പ്രാരംഭബാക്കി	4173807	4173807	37628128
വരവ്	338147000	385221000	134177050
ആകെ	342320807	389394807	171805178

ചെലവ്	338744000	385818000	128628527
നീക്കിബാക്കി.	3576807	3576807	43176651

ബജറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി
31.07.2022	31.05.2022

വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1) വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷീക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്തീരാജ് അക്കൗണ്ട് ചട്ടങ്ങൾ 2011. ചട്ടം 62എ)ഡി)

3) കേരള പഞ്ചായത്തീരാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള വാർഷിക കണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4) B11 പത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

5) ബാലൻസ് ഷീറ്റിനോട് അനുബന്ധമായി ചേർത്തിരിക്കുന്ന B1 പത്രിക പ്രകാരമുള്ള തുകയും ബാലൻസ് ഷീറ്റിൽ ഈ ഇനത്തിൽ (Reserve +Surplus)കാണിച്ചിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

6) വാടക നിക്ഷേപം, ലേല നിക്ഷേപം എന്നീ ഇനങ്ങളിലുള്ള മുൻബാക്കി (2020-21വർഷത്തിലെ B7 പത്രികയിലെ നീക്കിബാക്കി പ്രകാരം) യഥാക്രമം 50000/-രൂപ, 1812000/-രൂപ എന്നിവ ആയിരിക്കുകയും 2021-22 വർഷത്തിൽ ഈ ഇനത്തിൽ വരവും ചെലവും ഇല്ലാതിരിക്കുകയും ചെയ്യവെ ഈ ഇനങ്ങളിലെ നീക്കിയിരിപ്പ് (B 7,2021-22) യഥാക്രമം 14,45,237/-രൂപ, 2,34,378/-രൂപ എന്നുകാണുന്നു.

7) സംയുക്ത പ്രോജക്ടുകളുടെ നീക്കിബാക്കി (RP40-B) ഇനത്തിൽ തുകയൊന്നും കാണിച്ചിട്ടില്ലയെങ്കിലും B4പത്രിക പ്രകാരം ഈ ഇനത്തിൽ ആകെ 200789/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു.

8) B11പത്രിക പ്രകാരം Swevage And Drainage, Waterways എന്നീ ആസ്തികളുടെ മൂല്യം 0 ആണെങ്കിലും ഈ ഇനങ്ങളിൽ യഥാക്രമം 232631/-രൂപ, 548901/-രൂപ എന്നിങ്ങനെ Depreciation കാണുന്നു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	37628128
വരവ്	134177050
ആകെ	171805178
ചെലവ്	128628527
നീക്കിയിരിപ്പ്	43176651
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല.
ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1776390

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ് (ACR പ്രകാരം)	നീക്കിയിരിപ്പ്	ചെലവഴിക്കാതെ ലാപ്സായ തുക
വികസന ഫണ്ട്(ജനറൽ)	0	18239606	18239606	17885316*		354290
വികസന	0	8888646	8888646	8051884**		836762

ഫണ്ട്(എസ്.സി.പി)						
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	35446000	35446000	10386902		25059098
സംരക്ഷണ ഗ്രാന്റ് (മോഡിത്തരം)	0	8290331	8290331	6529697		1760634
ധനകാര്യ കമ്മീഷന്റെ അവാർഡ് (Performancegrant)	0	4691534	4691534	3307019	1384515	
ധനകാര്യ കമ്മീഷന്റെ അവാർഡ് (Tied Grant)	0	5920000	5920000	3409689	2510311	
ധനകാര്യ കമ്മീഷന്റെ അവാർഡ് (Untied Grant)	0	4009846	4009846	4009846	0	
ICDS- 320 100 121	3405532	1179344	4584876	1976554	2608322	
ശുചിത്വമിഷന്റെ 320200322	1393379	200000	1593379	0	1593379	
സാക്ഷരത	147654	4329	151983	0	151983	
സാനിറ്റേഷന്റെ 320300103	3070313	0	3070313	1190535.51	1879777.49	
തുരിതാശ്വാസ നിധി	2409	95811	98220	37500	60720	
ടോട്ടൽ സാനിറ്റേഷന്റെ കുറവെയൻ.	831	4749	5580	0	5580	

*1-6 ലെ ഡവലപ്മെന്റ് ഫണ്ട് (ജനറൽ) ആയ 21197000/- രൂപയിൽ ജി.ഒ പ്രോജക്ട് ഇനത്തിലുള്ള 3311684/-രൂപയും ഉൾപ്പെടുന്നു.

**1-6 ലെ ഡവലപ്മെന്റ് ഫണ്ട് (എസ്.സി.പി) ആയ 9090000/- രൂപയിൽ ജി.ഒ പ്രൊജക്ട് ഇനത്തിലുള്ള 1038116/- രൂപയും ഉൾപ്പെടുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർത്തീകരിച്ചത് എണ്ണം	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്- എണ്ണം	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
266	261283981	161	99889769	59	46	60.52%

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	9736	792030	801766	790540	11226
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (വേതനം-മൂലധന ചെലവുകൾ ഉൾപ്പടെ)		32118430	32118430	32118430	0
ആകെ	**9736**	**32910460**	**32920196**	**32908970**	**11226**

100 ദിവസം തൊഴിൽ ചെയ്തതിന് ലഭ്യമായ ഇൻസെന്റീവിൽ 1000 രൂപ ബാലൻസ് വന്നത് അക്കൗണ്ടിൽ നിലനിൽക്കുന്നതിനാൽ മുന്നിരിപ്പിലും നീക്കിയിരുപ്പിലും 1000 രൂപ അധികം വന്നിട്ടുണ്ട്.

1-7 ക്ഷേമ പദ്ധതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	7866300	3209
വിധവാപെൻഷൻ	21554400	7912
വാർദ്ധക്യകാലപെൻഷൻ	47514200	17783
വികലാംഗപെൻഷൻ	6772400	2581
അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	960900	349
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	0	-

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 ഉച്ചകഴിഞ്ഞ് 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 134434/- രൂപ കൂടുതൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് കൂടുകയും സമയാസമയങ്ങളിൽ ജോലി വിഭജനഉത്തരവുകൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് സേവനങ്ങൾ,കോവിഡ് കാല സേവനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ ഉത്തരവുകൾ യഥാസമയങ്ങളിൽ നൽകിയിട്ടുണ്ട്.എങ്കിലും ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.03.2021	10/2020 മുതൽ 11/2020 വരെ	22.03.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	5.10.2009 മുതൽ 28.10.2009 വരെ	2004-05 മുതൽ 2008-09 വരെ	20.11.2009

1-11 വാടക ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നെല്ലിമോളം 4000sqft (Rent On Land And Bunks) വാടകയ്ക്ക് എടുത്ത ബേബി. കെ .എം . കണിയാടൻ , കുറുപ്പുംപടി എന്നയാൾ 2/ 22, 3/22 എന്നീ മാസങ്ങളിലെ വാടക 6383 രൂപ വീതം (2*6383) 12766/ രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. വാടക ഈടാക്കി

അടവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 20/03.02.23) ന് വാടക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നല്കിയിട്ടുണ്ട്. വാടകക്കാരനിൽ നിന്ന് പലിശ സഹിതം വാടക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 ടെൻഡർ ഫീ തുകയിലെ അവ്യക്തത.

സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019പ്രകാരം ഇടെണ്ടർഫീക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (നം.38473789980 എസ്.ബി.ഐ) പെരുമ്പാവൂർ) ഈ അക്കൗണ്ടിൽനിന്നും ലഭിക്കുവാനുള്ള തുകയായി 839094/- രൂപ വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിട്ടുണ്ട്. (വാർഷിക ധനകാര്യപത്രികയിലെ B15 ഷെഡ്യൂളിലെ Other Receivables (Current),Other Receivables (Arrear) ഇനങ്ങളിൽ യഥാക്രമം കാണിച്ചിരിക്കുന്ന 137236/-രൂപ, 701858/-രൂപ) ഇതിൽ 137236/-രൂപ 2022-23 വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 31.3.2022ന് 701858/-രൂപ ഈ ഇനത്തിൽ ലഭ്യമാക്കുന്നതിന് അവശേഷിക്കുന്നുവെങ്കിലും ഈ അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്നത് 119845/-രൂപ മാത്രമാണ്. ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമാക്കുന്നതിനുള്ള തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/3.2.2023)മറുപടി ലഭ്യമാക്കിയില്ല.)

1-13 സ്വകാര്യ പാരമെഡിക്കൽ രജിസ്ട്രേഷൻ /ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 കാലയളവിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേണത്തിന് (നം

10/02.02.23) നൽകിയ മറുപടിയിൽ സാൻജോ കോളേജ് ഓഫ് നഴ്സിംഗ് പുല്ലുവഴി എന്ന സ്ഥാപനം ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. . കേരള പഞ്ചായത്ത് രാജ് വകുപ്പ് 270 എ പ്രകാരം രജിസ്റ്റർ ചെയ്യിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പരിപാലിക്കുകയും നടത്തുകയും ചെയ്യുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, മറ്റ് സംരംഭകത്വ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ, സൈബർ കോ എന്നിവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/2.2.23) ന് നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

1) ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന അബ്കാരി ഷാപ്പുകളുടെ വിവരങ്ങൾ (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്നു.

ക്രമനം	ഷാപ്പുകൾ
1	TS NO 28 വായ്ക്കര
2	TS NO 30 മുടിക്കരായി

3	TS NO 31 കുറുപ്പംപടി
4	TS NO 33 നെല്ലിവേലിമോളം
5	TS NO 36 കീഴില്ലം
6	TS NO 37 പറമ്പിപീടിക
7	TS NO 62 വട്ടോളിപ്പടി
8	TS NO 29 മരോട്ടിക്കടവ്
9	TS NO 32 കരിപ്പേലിപ്പടി
10	TS NO 34 പുല്ലുവഴി
11	TS NO 35 കരിങ്ങാവുംപടി

1-15 പലിശ തുക പൂർണ്ണമായും ലഭ്യമായിട്ടില്ല.

എറണാകുളം ജില്ലാ സഹകരണബാങ്കിലുള്ള രായമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപത്തിന് നാളിതുവരെ പലിശ ലഭിച്ചിരുന്നില്ല എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ബാങ്ക് അധികൃതർക്ക് കത്ത് നല്കിയതിനെ തുടർന്ന് രണ്ട് വർഷത്തെ പലിശ ഇനത്തിൽ 16 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ടെന്ന് മിനുട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വളരെ വർഷങ്ങളായി ജില്ലാ സഹകരണബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപത്തിന് രണ്ട് വർഷത്തെമാത്രം പലിശയെ ലഭ്യമായിട്ടുള്ളുവെന്നതിനാൽ ബാക്കി

വർഷങ്ങളിലെ പലിശയിനത്തിലുള്ള തുക കൂടി ലഭ്യമാക്കുന്നതിന് ബാങ്ക് അധികൃതരോട് ആവശ്യപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.9.2021തീയ്യതിയിലെ 6-2തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചതായോ പലിശ ഇനത്തിൽ തുക ലഭിച്ചതായോ വ്യക്തമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും അർഹമായ പലിശ മുഴുവൻ ലഭ്യമായി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-16 ബയോ മെഡിക്കൽ മാലിന്യം -സർവീസ് ചാർജ് തനത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. പ്രോജക്ടിന്റെ പേര്	S117/22. കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ്
അടങ്കൽ. ഫണ്ട്	575000/- (തനത് ഫണ്ട്)
ചെലവ്	572802/-
സർവ്വീസ് ചാർജ് ഉൾപ്പെട്ട ബിൽ നമ്പർ/തീയതി, തുക	435/14.02.2022 തുക 15100/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ. കുടുംബാരോഗ്യകേന്ദ്രം

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ പദ്ധതിയിൽ ആകെ 572802/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 435/14.02.2022 പ്രകാരം ചെലവ് വന്ന 15100/- രൂപയിൽ 5600/- രൂപ കൊവിഡ് 19-മായി ബന്ധപ്പെട്ട ബയോമെഡിക്കൽ മാലിന്യം ശേഖരിച്ചതിനുള്ള സർവീസ് ചാർജിനത്തിൽ Indian Medical Association Goes Eco-Friendly (IMAGE) ന് നൽകിയ തുകയാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 09.12.2021 ലെ എം എസ് പി1-27964/2021 നമ്പർ കത്തിൽ 2021 മെയ് മാസത്തിന് ശേഷമുള്ള ബില്ലുകൾ IMAGE നും, ആഗസ്റ്റ് മാസത്തിന് ശേഷമുള്ള KEIL -ന്റെ ബില്ലുകൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന NHM. DPM ൽ നിന്നും ലഭ്യമാക്കി IMAGE നും KEIL നും നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിൽ തനത് ഫണ്ടിൽ നിന്നും നൽകിയ 5600/- രൂപ NHM ൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അവകാശ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 31.01.2023 ലെ ഓഡിറ്റ് എൻക്വയറിക്ക് NHM ന് കത്ത്

നൽകിയിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കി തനത് ഫണ്ടിൽ കൂട്ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-17 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം 2021-22 സാമ്പത്തിക വർഷത്തിൽ പെയിൻ & പാലിയേറ്റീവ് പദ്ധതിയിൽ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന് തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ നമ്പർ, പേര്	3110/22 പെയ്ൻ & പാലിയേറ്റീവ് കെയർ
അടങ്കൽ തുക	927380/-(802380/- വികസന ഫണ്ട്- സാധാരണ വിഹിതം, 125000/- തനത് ഫണ്ട്)
ആകെ ചെലവ് തുക	679173/- (616693/- വികസന ഫണ്ട്- സാധാരണ വിഹിതം, 62480/- തനത് ഫണ്ട്)
മരുന്ന് വാങ്ങുന്നതിന് നൽകിയ തുകയുടെ ബിൽ നമ്പർ/ തീയതി	410/21-22 തീയതി 07.02.2022 തുക 72297/-
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്റ്റ് പ്രകാരം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്- ലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ 72,297/- രൂപ നൽകിയതിൽ 52467/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത് .ബാക്കി

19,830/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 02.02.2023 ൽ 90ം നമ്പർ ഓഡിറ്റ് എൻകപയറി നൽകിയതിന് ലഭ്യമാകാനുള്ള ഉപകരണങ്ങൾ KMSCL-ന്റെ ഡ്രഗ്സ് സ്റ്റോറിൽ നിലവിലില്ലാത്തതിനാലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയവ ലഭ്യമാകുന്നത് വരെ അവശേഷിക്കുന്ന 19,830/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ക്ഷയരോഗികൾക്ക് പോഷകാഹാരം - പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമല്ല

പ്രോജക്ട് നം , പ്രോജക്ടിന്റെ പേര്	S125/22, ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ
അടങ്കൽ, ഫണ്ട്	10000/- (തനത് ഫണ്ട്)
ചെലവ്	9938/-
ബിൽ നമ്പർ/തീയതി, തുക	628/25.03.2022 തുക 3000/- 434/14.02.2022 തുക 6938/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം

പഞ്ചായത്തിലെ ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സംബന്ധിച്ച സർക്കുലർ നം.11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം. 7.8.3 (2) ൽ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ക്ഷണവിതരണ പരിപാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ക്ഷയരോഗികൾക്കുള്ള പോഷകാഹാര പദ്ധതി ഉൾപ്പെട്ടിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സംബന്ധിച്ച സർക്കുലർ നം.22/2018 തസ്വഭവ തീയതി 14.02.2018 ലെ പൊതുനിബന്ധനകൾ-ഖണ്ഡിക 2.2 പ്രകാരം ഈ മാർഗ്ഗരേഖയിൽ

പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. നൂതന പദ്ധതി എന്ന വിഭാഗത്തിലുൾപ്പെടുത്തി പ്രസ്തുത പ്രൊജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. സ ഉ(സാധാ)നം.782/13 തസ്വഭവ തീയതി 25.03.2013 നമ്പർ ഉത്തരവിൽ 2013-14 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തുകൾക്ക് ക്ഷയരോഗികൾക്ക് പോഷകാഹാരവിതരണം നടത്തുന്നതിന് ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കാനുള്ള പ്രത്യേകാനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടില്ല. തനതുഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയാണ് ഇതെങ്കിലും, വാർഷികപദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്ന അവസരത്തിൽ, പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനുള്ള അതേ മാനദണ്ഡങ്ങളാണ് തനതുഫണ്ട് ചെലവഴിക്കുന്നതിലും ബാധകമെന്ന് സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം.22/2018 തസ്വഭവ തീയതി 14.02.2018 ലെ പൊതുനിബന്ധനകൾ-ഖണ്ഡിക 8.7.(4) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ചെലവ് രേഖകൾ പ്രകാരം പോഷകാഹാരം വിതരണം ചെയ്തിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്തിലെ ക്ഷയരോഗികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടായെന്ന് അറിയിക്കേണ്ടതും മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണെന്നാവശ്യപ്പെട്ട് 31.01.2023 ൽ 430 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്ഷയരോഗികൾക്കുള്ള സ്ക്രീനിംഗ് നടത്തുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുന്നുവെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുള്ളതും ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതും പോഷകാഹാര വിതരണത്തിനാണെന്നതിനാൽ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മാത്രം

പദ്ധതികൾ ഏറ്റെടുക്കുന്നുവെന്നും തുക ചെലവഴിക്കുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

1-19 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ -തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

പദ്ധതിയുടെ നമ്പർ, പേര്	S138/22 ദേശീയ ആരോഗ്യ പരിപാടിയുടെ നടത്തിപ്പ്
അടങ്കൽ തുക	55000/-(മെയിന്റനൻസ് ഫണ്ട്-നാണ് റോഡ്)
ആകെ ചെലവ് തുക	54240/-
ബിൽ നമ്പർ/ തീയതി	527/21-22 തീയതി 07.03.2022 തുക 5500/- 539/21-22 തീയതി 11.03.2022 തുക 6000/- 589/21-22 തീയതി 18.03.2022 തുക 9000/- 624/21-22 തീയതി 25.03.2022 തുക 9040/- 626/21-22 തീയതി 25.03.2022 തുക 14700/- 554/21-22 തീയതി 06.03.2022 തുക 10000/-
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 539/21-22, 554/21-22 എന്നിവ പ്രകാരം 6000/- രൂപ, 10000/- രൂപ എന്നിങ്ങനെ ആകെ 16,000/- രൂപ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇതിൽ 10000/- രൂപ അനൗൺസ്മെന്റ് നടത്തിയതിനും, 6000/- രൂപ വാക്സിനേഷൻ പരിപാടിയിൽ പങ്കെടുത്ത ആശാ വർക്കർമാർക്ക് ഓണറേറിയം ഇനത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. സ. ഉ (കൈ) നം. 11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം.6.7 ൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി ഉൾപ്പെട്ടിട്ടില്ല. നാളിതുവരെയുള്ള സർക്കാർ

ഉത്തരവുകളിൽ തനത് ഫണ്ടിൽ നിന്ന് 10000/- രൂപ ചെലവഴിക്കാൻ മാത്രമാണ് സർക്കാർ അനുമതി നൽകി വന്നിട്ടുള്ളത്. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാൻ സർക്കാർ അനുമതി ഇല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ 16,000/- രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 02.02.2023 ൽ 110 നമ്പർ ഓഡിറ്റ് എൻകയറി നൽകിയിരുന്നു. ടി ഫണ്ട് ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് ചെലവഴിക്കാൻ പാടില്ലായെന്ന് അറിയാത്തതിനാലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പാലിച്ച് മാത്രം നടപ്പാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

രായമംഗലം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന പദ്ധതി നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുള്ളതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിക്ക്(നം 6/1.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1704748/- തടസ്സപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട് നം/ പ്രോജക്ട്	അടങ്കൽ	ചെലവ് തുക	ബിൽ നം
1	15/IKM ന് തുക നൽകൽ	88798	88798	597/21. 161481/29.6.21 (ഡെവല

				പ്ലെന്റ് ഫണ്ട് (ജനറൽ)
2	316/വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(KWA)	917235	917235	425/11.2.22 ഡെവലപ്മെന്റ് ഫണ്ട്(CFC Tied Grant)
3.	161/വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(KWA)	1552800	698715	528/ 5.3.22 ഡെവലപ്മെന്റ് ഫണ്ട്(CFC Tied Grant)
	ആകെ തുക		1704748	

1-21 കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ-

ക്രമ നം	പ്രോജക്ട് നം/ പ്രോജക്ട്	അടങ്കൽ	ചെലവ് തുക	ബിൽ നം
1	127/കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ	12500	12500	ബിൽ നം 596/21.3.22 തനത് ഫണ്ട്.

സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതിയിൽ ജില്ലാ പഞ്ചായത്തിന് 12500/- കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള 10/06/2022 ലെ ഡിപി 15-567/22നമ്പർ കത്തിൽ പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക ഫിനാൻസ് (സ്ട്രീംലൈനിംഗ്) വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം 31.03.2022 തീയതിയിൽ സർക്കാർ തിരികെ എടുത്തിട്ടുള്ളതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ സർക്കാർ പിൻവലിച്ചെന്ന് കത്തിൽ പ്രതിപാദിച്ചിട്ടുള്ള തുകയിൽ മേൽ പദ്ധതിക്കായി കൈമാറിയ 12,500/- രൂപയും

ഉൾപ്പെട്ടിട്ടുണ്ട്. ഈ സർക്കുലറിൽ സംയുക്ത പദ്ധതികൾക്കായി ആരംഭിച്ച ടി.എസ്.ബി. അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക ഏത് ശീർഷകത്തിൽ നിന്നാണോ നിക്ഷേപിച്ചിട്ടുള്ളത് അതേ ശീർഷകത്തിൽ തിരികെ സർക്കാരിലേക്ക് അടവാക്കണ്ടതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ കൈമാറിയ തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് ജില്ലാപഞ്ചായത്തിന് നൽകിയ തുക ആയതിനാൽ, പദ്ധതി നടപ്പാക്കിയിട്ടില്ലാത്ത പക്ഷം, ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭ്യമാക്കി തനതുഫണ്ടിൽ വരവ് വയ്ക്കണ്ടതാണ്. ഇപ്രകാരം തുക തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 02.02.2023 ലെ 6ാം നമ്പർ ഓഡിറ്റ് എൻകപയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കായി വിനിയോഗിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ വരവ് വയ്ക്കണ്ടതാണ്

1-22 മുൻകൂർ തുക നൽകിയെങ്കിലും പ്രിന്റർ ലഭ്യമായില്ല

ക്രമ നം	പ്രോജക്ട് നം/ പ്രോജക്ട്	അടങ്കൽ	ചെലവ് തുക	ബിൽ നം
1	320/പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ	100000	96949	597/21.03.2022 (തനത് ഫണ്ട്)
2	14/പഞ്ചായത്ത് ഓഫീസിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	300000	250797	425/11.2.22 (തനത് ഫണ്ട്)

പദ്ധതി നം 320/21-22, 14/21-22 ൽ ഉൾപ്പെടുത്തി കെൽട്രോണിൽ നിന്നു യഥാക്രമം ഹൈ സ്പീഡ് സ്കാനർ, 4 പ്രിന്ററുകൾ എന്നിവ വാങ്ങാനായി തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നമ്പർ 14/22 ലെ ചെലവിലുൾപ്പെട്ട 198985/- രൂപയുടെ അഞ്ച് കമ്പ്യൂട്ടറുകൾ (39797/- X 5= 198985/-) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 51812/- രൂപയുടെ നാല് പ്രിന്ററുകൾ (12953/-X4 =51812) ഇനിയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 02.02.2023 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്ററുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 51812/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ആസ്തി സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ഇവ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/3.2.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ വാർഷിക കണക്കുകളിലെ B 11പട്ടികയിൽ സ്ഥാവര ആസ്തിയായി ഭൂമിയുടെ വിവരം കാണിച്ചിട്ടില്ല. അതേസമയം ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽനിന്നും വിട്ടുപോയിട്ടുള്ള റോഡ്, കെട്ടിടങ്ങൾ, ഭൂമി, പാലങ്ങൾ, മുതലായ ആസ്തികൾക്ക് കാലാകാലങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ പ്രവർത്തന പുരോഗതി ലഭ്യമല്ല.മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള

സ്ഥലങ്ങളുടെ വിസ്തീർണ്ണം,അവയുടെ ആധാരം,പട്ടയം നമ്പർ,അവസാനം പുനർകൂതി അടച്ച തീയതി എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൂയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതി ഏതാനും ചില സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ എടുത്തതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ.

തീരുമാനം നംതിയ്യതി.	
24(1)/22.7.2021. 4(1)/26.11.2021	വാർഡ് 16ലെ ചെങ്ങൽചിറ അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.
26(1)/21.10.2021	വായ്ക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.
23(1)/24.1.2021	പെരുംചിറയുടെ അതിരുകൾ,പൈരാപുരം കോളേജ് ജംഗ്ഷന് സമീപമുള്ള പുറമ്പോക്ക്

	ഭൂമി എന്നിവ അളന്ന് തിട്ടപ്പെടുത്തുന്നതിന് തീരുമാനം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുവെന്നും സമയാസമയങ്ങളിൽ തുണികുത്തി അടവാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ് ആസ്തി സംരക്ഷണം സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ.

2021-22വർഷത്തെ ബാലൻസ് ഷീറ്റിലെ B 4 പത്രിക പ്രകാരം താഴെ പറയുന്ന ഗ്രാന്റിനങ്ങൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

ക്രമനം	അക്കൗണ്ട് കോഡ്	ഫണ്ട് ഇനം	തുക (രൂപയിൽ)
1	320100121	ഐ.സി.ഡി.എസ്.	2608322
2	320200111	സി.എഫ്.സി.ഗ്രാന്റ് (TIED)	2510311
3	320200322	ശുചിത്വമിഷൻ ഗ്രാന്റ്	1593379.49
4	320300103	ടോട്ടൽ സാനിട്ടേഷൻ.	1879777
5	320400199	Grants ,Funds And Contributions For Specific Purposes.	1416925
6	320800199	Grants , Funds And Contributions For Specific Purposes.	837500

ഇവ ഏതിനത്തിലുള്ള തുകയാണെന്നും തുകകൾ ചെലവഴിക്കാതിരിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം14/3.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റുകൾ ഏത് പ്രൊജക്ടിനായി ലഭിച്ചവയാണെന്ന് മനസ്സിലാക്കി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തിരികെ അടവാക്കേണ്ടവയാണെങ്കിൽ ആയത് അടവാക്കേണ്ടതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാകാതെ അവശേഷിക്കുന്നു.

പദ്ധതിയുടെ പേര്, നമ്പർ	പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിന് സ്റ്റോറേജ് കെട്ടിടം നിർമ്മാണം.
അടങ്കൽ	359719രൂപ.
ചെലവ്	344962രൂപ.
ബിൽ നം.,തീയതി, തുക	112372/-രൂപ(ചെക്ക് നം.299711O/14.2.2022) 232590/-രൂപ(ചെക്ക് നം.683002907/15.2.2022)
നിർവ്വഹണം	അസി.എഞ്ചിനീയർ.

മുകളിൽ പറഞ്ഞ പദ്ധതിയിലൂടെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് 3,44,962/-രൂപ മുതൽമുടക്കിൽ സ്റ്റോറേജ് കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെയും രായമംഗലം ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത സംരംഭമായി 2017-18 വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ

പ്രൊജക്ടാണ് ഇത്. 2017-18വർഷത്തിൽ ഈ പ്രൊജക്ടിന്റെ ഭാഗമായി ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ ഓരോന്ന് വീതം കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് രായമംഗലം പഞ്ചായത്ത് സെക്രട്ടറിയും ക്ലീൻ കേരള കമ്പനിയും തമ്മിൽ 27.10.2017ന് ഒപ്പ് വച്ച കരാർ കുടുംബശ്രീ മുഖേന പ്ലാസ്റ്റിക് ശേഖരിച്ച് പൊടിച്ച് പുനരുപയോഗയോഗ്യമാക്കുന്നതിനുള്ള ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ കമ്പനി ലഭ്യമാക്കി സ്ഥാപിക്കുന്നതിനാണ്. കരാർ പ്രകാരം ഇൻഡെമ്നിറ്റി തീയതി മുതൽ ഒരു വർഷത്തേക്കാണ് മെഷിനറിക്ക് കമ്പനി വാഗ്ദാനം ചെയ്തിരിക്കുന്ന വാറന്റി. എന്നാൽ നാളിതുവരെയും ഈ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. 2021-22വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 2.2.2023ന് പ്രസ്തുത യൂണിറ്റ് കെട്ടിടം സന്ദർശിച്ചപ്പോൾ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ എം.സി.എഫ് ആയി വിനിയോഗിക്കുന്നതായാണ് കണ്ടത്. സ്ഥാപിച്ചതിന് ശേഷം 4വർഷങ്ങൾ കഴിഞ്ഞ മെഷീനുകൾ പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല. ഈ പ്രവൃത്തിയുടെ കെട്ടിടനിർമ്മാണത്തിനായി 2018-19 വർഷത്തിൽ 12,91,709/-രൂപയും വൈദ്യുതീകരണത്തിനായി 1,58,906/-രൂപയും ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് പ്രൊജക്ടിനായി നാളിതുവരെ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ, യന്ത്രസാമഗ്രികൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന വിവരം, പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊജക്ടുകൾ 2022-23 വർഷത്തിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം12/3.2.2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഷ്രെഡ്ഡിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കപ്പെടുകയും താമസംവിനാ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - നടപടികൾ സ്വീകരിച്ചില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 2011-12, 2014-15, 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നാളിതുവരെ റീഫണ്ട് ചെയ്തിട്ടില്ലാത്തതായി കാണുന്നു .

ഇനം	തുക	ലഭിച്ച കാലയളവ്
കോൺട്രാക്ടേർസ് ഇ.എം.ഡി	20750/	07.01.2014 മുതൽ 20.10.2018 വരെ
സപ്ലെയേഴ്സ് ഇ.എം.ഡി	22750/	19.10.2011 മുതൽ 04.07.2018 വരെ
ബിഡ്ഡേഴ്സ് ഇഎംഡി	158996/	25.05.2016 മുതൽ 28.03.2019 വരെ
കോൺട്രാക്ടേർസ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	15590/	06.12.18മുതൽ 07.01.2019 വരെ
സപ്ലെയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	63300/	19.01.18 മുതൽ 01.03.2019വരെ
ബിഡ്ഡേഴ്സ് സെക്യൂരിറ്റി	102880/	22.11.18 മുതൽ

ഡെപ്പോസിറ്റ്		06.03.2019 വരെ
റെന്റ് ഡെപ്പോസിറ്റ്	7000/	29.03.2019

കേരള ഫിനാൻഷ്യൽ കോഡ് വോല്യും 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിനു ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.01.20 ലെ തദ്ദേശസ്വയംഭരണ (എ സി) വകുപ്പ് ന്റെ സർക്കാർ ഉത്തരവ് നം.എ സി 1 /125 / 2019 -നസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പ് വരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിക്ഷേപമായി ലഭിച്ച മേൽ തുകകളിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 19/03.02.23) നൽകിയ മറുപടിയിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം	പ്രോജക്ട് നം/ പ്രോജക്ട്	അടങ്കൽ	ചെലവ് തുക	ബിൽ നം
1	SO 180/22(സ്റ്റീൽ ഓവർ)	80000 (തനത്)	2400	309/27.12.21

രായമംഗലം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കലിന്റെ ഭാഗമായി രായമംഗലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാപ്പിങ്ങ് നടത്താൻ വാഹനം ഓടിയതിന്റെ വാടകയിനത്തിൽ 2400/- രൂപ നല്കിയിട്ടുണ്ട്.എന്നാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നം6/1.2.23) . പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ഓഡിറ്റ് ഇംപാക്ട്

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറികളുടെ അടിസ്ഥാനത്തിൽ ആകെ 26678 രൂപ ഈടാക്കിയിട്ടുണ്ട്.

1) ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട, GST ഈടാക്കിയിരുന്നില്ല. രണ്ട് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് 26041/- രൂപ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 01.02.2023ൽ 53o നമ്പർ ഓഡിറ്റ് എൻകുയറി നൽകിയിരുന്നു. ആയതിനെത്തുടർന്ന് രസീത് നമ്പർ 1220107487/02.02.2023 പ്രകാരം 13570/- രൂപയും രസീത് നമ്പർ 1220107488/02.02.2023 പ്രകാരം 12472/- രൂപയും ചേർത്ത് ആകെ 26042/- രൂപ അടവാക്കി.
2)മാനുവൽ രസീതുകളുപയോഗിച്ച് പിരിച്ച തുക പഞ്ചായത്തിൽ അടവാക്കിയപ്പോൾ കുറവ് വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയുടെ (നം.7. തീയതി

2.2.2023) അടിസ്ഥാനത്തിൽ 636 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

രസീത് ബുക്ക് നം.,	രസീത് നം., തീയതി	കുറവ് വന്ന തുക	തുക അടവാക്കിയ രസീത് നം., തീയതി
4289	40, 07.09.21	446	L220107516, 03.02.2023
4287	28, 07.09.21	55	L220107517, 03.02.2023
4269	17, 24.08.21	10	L220107517, 03.02.2023
4268	27, 27.08.21	37	L220107517, 03.02.2023
4281	51, 03.09.21	88	L220107517, 03.02.2023

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 15,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16, KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2021-22	382062	നെൽകൃഷി കൂലിച്ചെലവ് S66/22	382062	
	2021-22	100000	ലൈഫ് -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ S135/22	100000	
	2021-22	1580000	ലൈഫ് ഭവനം-(S.C) S96/22	1580000	

	2021-22	400000	ലൈഫ് ഭവനം-ജനറൽ S95/22	400000	
	2021-22	400000	ലൈഫ് -ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം S97/22	400000	
	2021-22	580000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും-36/22	580000	
	2021-22	409775	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും-181/22	409775	
	2021-22	169000	ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി 60/22	169000	
ആകെ		4020837		4020837	
ബ്ലോക്ക് പഞ്ചായത്ത്	2021-22	102605	ലൈഫ് ഭവനനിർമ്മാണം -(S.C) S188/22	102605	
	2021-22	490000	ലൈഫ് ഭവനം-(S.C) S96/22	490000	
	2021-22	442000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക്	442000	

			സ്കോളർഷിപ്പും ബത്തയും-36/22		
	2020-21	52266	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി 54/22	52266	
ആകെ		1086871		1086871	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	161/22 കുടിവെള്ള പൈപ്പ് ലൈൻ തീർത്തിപ്പിക്കൽ	XVFC/ 2021-22 /P/20 തീയതി 03.03.2022	698715/-	0 0	698715/-
കേരള വാട്ടർ അതോറിറ്റി	316/22 കുടിവെള്ള പൈപ്പ് ലൈൻ തീർത്തിപ്പിക്കൽ	425/ 11.02.2022	917235/-		917235/-
	ആകെ		1615950	0	1615950

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 44,40,000/-രൂപ വരവുണ്ട്.

മുൻബാക്കി 2659992/- രൂപയടക്കം 7099992/- രൂപയിൽ 5110000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൽവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	റിമാർക്ക്
				മുതൽ	പലിശ		
വായ്പ- ലൈഫ് ഭവന നിർമ്മാണം	ജി&(എം)എസ്) 6105/2019/Fin. Dt.01.08.2019	4440000	12440000	3432000 (2992000രൂപ ശ്രോതസ്സിൽ നിന്നുള്ള Deduction ഉൾപ്പെടെ)	0	13448000	

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടക്കുന്നതിന് അവശേഷിക്കുന്ന ലോൺ തുക 12486870രൂപയാണ്.എന്നാൽ ഈ തുകയിൽ ലോൺ തുകയുടെ നിക്ഷപത്തിന്മേൽ ലഭിച്ച പലിശയിനത്തിലുള്ള 46870രൂപ കൂടി തെറ്റായി ഉൾപ്പെട്ടിരുന്നു ഈ തുക ഒഴിവാക്കിയാണ് 12440000 എന്ന വർഷാരംഭബാക്കിയിലേക്ക് എത്തിയിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രസീത് നമ്പർ/ തീയതി
2012-13 & 2013-14	2-1. II-9	1250/-	കള്ള് ഷാപ്പ് നം.35	121050108237/ 09.03.2022
2012-13 & 2013-14	2-1. II-18	1250/-	കള്ള് ഷാപ്പ് നം.35	121050108237/ 09.03.2022
2019-20	1-22	12638/-	അവീഷ്മോൻ, പാലക്കോട്ടിൽ	121050101132/ 09.07.2021
2019-20	1-22	6460/-	ഒ വി മോഹൻ, ഓംബാലയിൽ	121050101368/ 22.07.2021
2020-21	1-22	2248/-	എൽദോ എൻ വി, നടയ്ക്കൽ	121050106096/ 30.12.2021
2020-21	1-22	2530/-	ബിന്ദു ലിജു, പാലത്തിങ്കൽ	121050106095/ 30.12.2021

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2014-15	2-1(ബി)	2016-17	2-1(ബി)	ഞാഴിൽ നികുതി ഈടാക്കിയില്ല	ആർ ആർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.
2014-15	2-1(ഡി)	2016-17	2-1(ഡി)1,2	സ്ഥാപന ഞാഴിൽ നികുതി	

4-9 ചാർജ്-സർച്ചാർജുകളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	134177050
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	128628527
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1776390

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ഈ ഇനത്തിൽ തുക ഇല്ല.)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം
1-17	19830	ഡോ. ഗോപിക പ്രേം.	മെഡിക്കൽ ഓഫീസർ

		മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	(എഫ് എച്ച് സി), രായമംഗലം
1-22	51812	സുധീർ ബി, സെക്രട്ടറി	സെക്രട്ടറി, രായമംഗലം ഗ്രാമപഞ്ചായത്ത്
1-20	1704748	1)88798/- രവികുമാർ, സെക്രട്ടറി	ലെയ്സൺ ഓഫീസർ, ഐക്കാടത്തി
		2) & 3) 1615950/- സുധീർ ബി, സെക്രട്ടറി	സെക്രട്ടറി, രായമംഗലം ഗ്രാമപഞ്ചായത്ത്
ആകെ	1776390		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നടപ്പുത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം	പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽ വിലാസം
1	ഡോ. ഗോപിക പ്രേം. മെഡിക്കൽ	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി), രായമംഗലം	വില്ല നം.5, സ്കൈകെലൻ ഒറിയാണ് പാർക്ക്,

	ഓഫീസർ (എഫ് എച്ച് സി)		ഇടപ്പള്ളി 682024
2	സുധീർ ബി, സെക്രട്ടറി	സെക്രട്ടറി, രായമംഗലം ഗ്രാമപഞ്ചായത്ത്	ജീവാലയം വീട്, തൃക്കളത്തൂർ പി.ഒ
3	രവികുമാർ, സെക്രട്ടറി	ലെജ്ജൻ ഓഫീസർ ഹൈക്കോടതി	പടിഞ്ഞാറെ കോട്ടയിൽ, കുട്ടമശ്ശേരി, തോട്ടുമുഖം പി ഒ.

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്ക് (ഖണ്ഡികകൾ)
1998-99	LFE(P2)694/2014 Dtd 06-10-2015	30
2002-03	LFE(P2)694/2014 Dtd 06-10-2015	10
2003-04	LFE(P2)694/2014 Dtd 06-10-2015	3-7,3-10
2005-06	LFE(P2)684(Iv)/2018 Dtd 10-05-2019	2-2,3-3,3-4,3-5
2006-07	LFE(P2)684(Vii)/2018 Dtd 10-05-2019	3-5, 3-8, 3-9
2007-08	LFE(P2)684(Viii)/2018 Dtd 10-05-2019	3-10
2008-09 2009-10 2010-11	LFE(P2)684(Vii)/2018 Dtd 10-05-2019	2-5,2-7,2-8,2-9,2-10,3-1, 3-2,3-3,3-4,3-6,3-7മു.3-9,3-13
2011-12	LFE(P2)641/2015 Dtd 08-06-2015	
2011-12 2012-13	LFE(P2507/2015dtd 25-05-2015	
2014-15	KSA-EKM (P2)1333/2016 Dtd 01-08-2016	2-1(B),2-1(C),2-1(D),2-2,3-1,3-2,

		3-3,3-7.3-8,3-9.3-10,3-11,3-12
2015-16	KSA-EKM (P2)2127/2016 Dtd 15-12-2016	2-1,3-3
2016-17	KSA-EKM (P2)2022/2017 Dtd 28-10-2017	2-1,3-2(2),3-4
2017-18	KSA-EKM (P2)2328/2018 Dtd 12-12-2018	2-1(1),2-2.2-4.3-1,3-2.3-4, 3-6,3-7.3-8,3-9.3-10,4-6
2018-19	KSA-EKM (P2)1156/2019 Dtd 10-10-2019	1-10(1),1-12,2-1,2-3,3-2,3-3, 3-4,3-5.3-6,3-7.3-8,3-11
2019-20	KSA-EKM (P2)729/2021 Dtd 30.06.2021/ 05.07.2021	1-10,1-11,1-12,1-13,1-14,1-15.,1-17.1-18, 1-19,1-20,1-21,1-24.1-25,1-26,1-27,1-28. 1-29,1-30,1-31,1-32.1-33,1-34,1-35-1-36, 1-37,1-38,2-1,3-1,3-2,3-3,
2020-21	KSA-EKM (P2)1950/2021 Dtd 30.06.2021/ 04.07.2022	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്